# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6615 09.11.2016 – ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>കേരള ബാങ്ക്</u>**

| | | |
|---|---|---|
| (എ) | കേരളത്തിലെ 14 ജില്ലാസഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | പരിഗണനയിലുണ്ട്. |
| (ബി) | എങ്കിൽ ലയനത്തെക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ഒരു സമതിയെ നിയോഗിച്ചിട്ടുണ്ടോ; | കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സ.ഉ (സാധാ) നം. 488/16/സഹ. തീയതി 28.9.16 പ്രകാരം ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ആരൊക്കെയാണ് പ്രസ്തുത സമതിയിലെ അംഗങ്ങൾ എന്നു വ്യക്തമാക്കുമോ; | <u>ചെയർമാൻ</u><br>1. ശ്രീ. എം.എസ്. ശ്രീറാം, പ്രൊഫസർ ഐ.ഐ.എം ബാംഗളൂരു.<br><u>അംഗങ്ങൾ</u><br>2. ശ്രീ. വി.എസ്. സെന്തിൽ, ഐ.എ.എസ്. അഡീഷണൽ ചീഫ് സെക്രട്ടറി, പ്ളാനിംഗ് വകുപ്പ്.<br>3. ശ്രീ. സി.പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്), നബാർഡ്.<br>4. ശ്രീ. റ്റി.പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ, (റിട്ടയേർഡ്), യൂണിയൻ ബാങ്ക്.<br><u>മെമ്പർ സെക്രട്ടറി</u><br>5. ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്. |

| | | |
|---|---|---|
| (ഡി) | എന്തൊക്കെ കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതിയോടാവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽമോ? | വിദഗ്ധ സമിതിയുടെ പരിശോധനാ വിഷയങ്ങൾ താഴെപ്പറയുന്നവയാണ്<br><br>**1.**സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് (ദ്വിതല ഘടന) ഘടനാമാറ്റത്തിലൂടെ സഹകരണ ബാങ്കിംഗ് നടപ്പാക്കുക, എന്നതിന്റെ ശക്തി, ദൗർബല്യം, സാധ്യത, ഭീഷണി (SWOT) എന്നിവ മതിയായ വിവരശേഖരണങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനാത്മക റിപ്പോർട്ട് തയ്യാറാക്കുക.<br><br>**2.**സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ 31.3.2016 -ലെ കണക്ക് പ്രകാരമുള്ള ആസ്തി ബാധ്യതകൾ സംയോജിപ്പിക്കുകയും പ്രസ്തുത സംയോജനത്തിനു ശേഷം ഒരൊറ്റ ബാങ്ക് എന്ന നിലയിലുള്ള കണക്ക് അടിസ്ഥാനപ്പെടുത്തി ഭാവിയിലെ പ്രതീക്ഷിത നില തയ്യാറാക്കുകയും പ്രസ്തുത വിവരം അടിസ്ഥാപ്പെടുത്തി നബാർഡ് / റിസർവ്വ് ബാങ്ക് എന്നിവയിൽ നിന്നുള്ള അംഗീകാരം ലഭിക്കണമെന്നുള്ള കാഴ്ചപ്പാടോടെ വിശദമായ ഒരു പദ്ധതി തയ്യാറാക്കുക.<br><br>**3.**സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലേയും നിലവിലെ മനുഷ്യവിഭവശേഷി വിലയിരുത്തി നിലവിലെ തസ്തികകൾ സംയോജിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുക. പുതിയ ഒരു ഘടനാ സംവിധാനവും പരിപാടിയും സംയോജനത്തിനു ശേഷം ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, ട്രെയിനിംഗ്, പ്രൊഫഷണൽ വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും സമർപ്പിക്കുക.<br><br>**4.**ഓരോ ബാങ്കിലും നിലവിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ (കോർബാങ്കിംഗ് ) വിലയിരുത്തുകയും സാങ്കേതിക വിദ്യാ സംയോജനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശം സമർപ്പിക്കുകയും ചെയ്യുക. സംയോജനത്തിനു ശേഷം എല്ലാവിധ ആധുനിക ബാങ്കിംഗ് സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതിന് ആയതിന്റെ |

| | | |
|---|---|---|
| | | ചെലവുമായി ബന്ധപ്പെടുത്തിയുള്ള കാര്യക്ഷമത കൂടെ വിശദമാക്കുക. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേക്ക് കൂടി സാങ്കേതിക വിദ്യാ സേവനങ്ങൾ വിപുലപ്പെടുത്തുവാൻ സാധ്യമായ മർഗ്ഗങ്ങൾ നിർദേശിക്കുക.<br>**5.**സഹകരണ സംഘം നിയമങ്ങളിലും ചട്ടങ്ങളിലും ബൈലോകളിലും (പ്രാഥമിക സംഘങ്ങളുടെയുൾപ്പെടെ) വേണ്ടി വരുന്ന ഭേദഗതികൾ നിർദ്ദേശിക്കുക.<br>**6.**റിസർവ്വ് ബാങ്ക് / നബാർഡിൽ നിന്നും നിയമപരമായ അനുമതികൾ ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിക്കുക.<br>**7.**നബാർഡിൽ / റിസർവ്വ് ബാങ്കിൽ നിന്നും അംഗീകാരം നേടി സംയോജനം വിജ്ഞാപനം നടത്തുന്നതിനാവശ്യമായ നിയമപരമായ വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശുപാർശകളും സംഘടിപ്പിക്കുക.<br>**8.**പുതുതായി രൂപീകരിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് വ്യക്തവും വിശദവുമായ ഒരു ലക്ഷ്യം (കാഴ്ചപ്പാട് ) തയ്യാറാക്കുക.<br>**9.**കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് വേണ്ടി ഒരു മാതൃകാ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക.<br>**10.**പുതിയ നിക്ഷേപ-വായ്പാ പദ്ധതികൾ, സേവനങ്ങൾ, പുതിയ ബാങ്കിന്റെ പ്രചരണം, ബ്രാൻഡ് വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.<br>**11.**പുതിയ ബാങ്ക് രൂപീകരണത്തിനു ശേഷം അംഗസംഘങ്ങളും / ബാങ്കുകളും മറ്റ് സഹകരണ ബാങ്കുകൾ / സംഘങ്ങൾ എന്നിവയുമായുള്ള പരസ്പര ബന്ധങ്ങൾ ഏതു രീതിയിലായിരിക്കണമെന്നുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.<br>**12.**വിദഗ്ദ്ധ സമിതിക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട / യുക്തമായ മറ്റ് നിർദ്ദേശങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ അത് സമർപ്പിക്കുക. |

**സെക്ഷൻ ഓഫീസർ**